LIBRARY ARCHIVES Kerala Legislative Assembly

റൺ കേരള റൺ സംഘടിപ്പിക്കാൻ നൽകിയ കരാർ

87 (1487) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ ക്കുട്ടയോട്ടം സംഘടിപ്പിക്കാൻ നൽകിയ കരാർ പ്രകാരം ഏതൊക്കെ മാധ്യമങ്ങൾക്ക് എത്ര തുക വീതം വാർത്തയ്ക്കും പരസ്യത്തിനുമായി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ;

(ബി) മലയാള മനോരമയ്ക്ക് മാത്രമായി ക്കുട്ടയോട്ടം സംഘടിപ്പിക്കാനായി സർക്കാർ നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ പ്രോഗ്രാമിന് വകുപ്പിൽനിന്നും പരസ്യങ്ങൾ നൽകിയിട്ടില്ല.

സർക്കാർ പരസ്യം നൽകിയ ഇനത്തിൽ ചെലവായ തുക

88 (1489) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സർക്കാർ പരസ്യം നല്കിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുകയുടെ കണക്ക് വിശദമാക്കാമോ ;

(ബി) സർക്കാർ നൽകിയ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ഇനത്തിൽ 2015 ഫെബ്രുവരി അവസാനം വരെയുള്ള കണക്കുകൾ പ്രകാരം കൊടുത്ത് തീർക്കാനുള്ള തുകയുടെ കണക്കുകൾ വിശദമാക്കാമോ ;

(സി) പത്ര-ദൃശ്യ മാധ്യമങ്ങൾക്കും മറ്റും പരസ്യം നല്കുന്നതിനും പി.ആർ.ഡി. വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഉൾപ്പെടെ മൊത്തം എത്ര കോടി രൂപ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ഡി) വകയിരുത്തപ്പെട്ട തുകയിൽ കൂടുതൽ ബാധ്യത ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അധിക ചെലവ് എത്ര ശതമാനമായിരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സർക്കാർ പരസ്യം നൽകിയ ഇനത്തിൽ ബജനാവിൽനിന്നും ചെലവായ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ടെണ്ടർ	ഡിസ്പ്ലേ	ഇലക്ട്രോണിക് മാധ്യമം
2011-12	6 കോടി	24,88,92,778	5,28,93,924
2012-13	6 കോടി	14,98,69,296	5,49,40,972
2013-14	6.5 കോടി	11,78,52,200	5,73,84,209
2014-15	93207024	12,99,99,639	3,99,99,861

ആകെ ചെലവായ തുക 113,00,39,903

ആകെ ചെലവായ തുകയിൽ 30,78,07,305 രൂപ മുൻസർക്കാരിന്റെ കാലത്തെ കടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) സർക്കാർ നൽകിയ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ഇനത്തിൽ 2015 ഫെബ്രുവരി അവസാനം വരെയുള്ള കണക്കുകൾ പ്രകാരം പഴയ നിരക്കിൽ ഏകദേശം 26 കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി&ഡി) ദൃശ്യ മാധ്യമങ്ങൾക്കും മറ്റും പരസ്യം നൽകുന്നതിനും പി.ആർ.ഡി. വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഉൾപ്പെടെ മൊത്തം 30 കോടി രൂപ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. (ബഡ്ജറ്റ് വിഹിതം 19 കോടി, ഉപധനാഭ്യർത്ഥന 5 കോടി, അധിക ഫണ്ട് 6 കോടി) പരസ്യം നൽകുന്നതിനനുസരിച്ച് ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതിനാൽ കൂടുതൽ ബാധ്യതയുണ്ടായിട്ടുണ്ട്. ബില്ലുകൾ പൂർണ്ണമായും ലഭ്യമാകാത്തതിനാൽ അധിക ചെലവ് എത്ര ശതമാനമായിരിക്കുമെന്ന് വ്യക്തമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly